# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 6482 | 01.11.2011-ലെ മറുപടിക്ക് |
|---|---|

### പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ നിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ നിലവാരം ഉയർത്തുന്നതിനും നവീകരിക്കുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) എങ്കിൽ ആയതിനായി എത്ര തുക നീക്കിവെച്ചു എന്നും അതിൽ എത്ര തുക വീതം എന്തെല്ലാം കാര്യങ്ങൾക്ക് ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ; | ബി) 2010-2011 സാമ്പത്തിക വർഷം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിനും റീജിയണൽ ലാബുകൾക്കുമായി 120 ലക്ഷം രൂപ പ്ലാൻ ഫണ്ട് അനുവദിക്കുകയും അതിന്റെ 86% ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബിന്റെ കെട്ടിടങ്ങളെല്ലാം തന്നെ വളരെയധികം പഴക്കമുളളവയാകയാൽ അടുത്ത കാലത്തായി പ്രധാനപ്പെട്ട സെക്ഷനുകളുടെ നവീകരണങ്ങൾ പൊതുമരാമത്തു വകുപ്പു വഴി നടത്തുകയുണ്ടായി. അസറ്റ് മെയിന്റനൻസിന്റെ ഭാഗമായി ലഭിച്ച 50 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ രോഗികളുടെ സൗകര്യത്തിനായി ഒരു മെച്ചപ്പെട്ട വെയിറ്റിംഗ് റൂമും കുടിവെളളത്തിനായി വാട്ടർകൂളറുകൾ, ഒ.പി. രജിസ്ട്രേഷനായി ടോക്കൺ സിസ്റ്റം എന്നിവയും ലഭ്യമാക്കി. എറണാകുളം റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിന്റെ കെട്ടിടങ്ങൾ 45 ലക്ഷം രൂപ ചെലവാക്കി |

| | |
|---|---|
| | നവീകരിച്ചു. കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിന്റെ കെട്ടിടം വളരെ മോശം അവസ്ഥയിൽ ആയതിനാൽ ബീച്ച് ഹോസ്പിറ്റലിന്റെ ഒരു വാർഡിലേയ്ക്ക് താൽക്കാലികമായി മാറ്റുന്നതിനു വേണ്ടി 9.95 ലക്ഷം രൂപ ചെലവാക്കി നവീകരണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ആലപ്പുഴ ജില്ലാ പബ്ലിക് ഹെൽത്ത് ലാബിന്റെ അറ്റകുറ്റ പണികൾക്കും നവീകരണത്തിനുമായി അസറ്റ് മെയിന്റനൻസിന്റെ 10 ലക്ഷം രൂപ ലഭ്യമാക്കി പ്രസ്തുത പണികൾ നടന്നു കൊണ്ടിരിക്കുന്നു. ഇതിനു പുറമേ വിവിധ പരിശോധനകൾക്കായി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും രോഗ നിർണയത്തിനായി പുതിയ പരിശോധനകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിന്റെ ശാക്തീകരണത്തിനായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ 110 ലക്ഷം രൂപ ഈ വർഷത്തെ പദ്ധതി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എറണാകുളം പബ്ലിക് ഹെൽത്ത് ലാബ് നവീകരണത്തിന് അസറ്റ് മെയിന്റനൻസ് ഫണ്ടായി 18.78 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |
| സി)സംസ്ഥാനത്തെ എല്ലാ ടി.എച്ച്.ക്യു/ സി.എച്ച്.സി/പി.എച്ച്.സി ആശുപത്രികളിലും ലാബ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | സി) & ഡി) ഇതു സംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്കു മാത്രമേ ഇക്കാര്യങ്ങൾ പരിശോധിക്കാൻ കഴിയുകയുള്ളൂ. |
| ഡി)ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ലാബ് സംവിധാനം ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | |

സെക്ഷൻ ഓഫീസർ